# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **664** — **09.06.2015** ൽ മറുപടിക്ക്

### മൃഗശാലകളുടെ ശോച്യാവസ്ഥ

**ചോദ്യം**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:

**ഉത്തരം**

ശ്രീമതി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര മൃഗശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ? | (എ) | മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും തൃശ്ശൂരുമായി രണ്ട് മൃഗശാലകൾ പ്രവർത്തിച്ച് വരുന്നു. |
| (ബി) | ഈ മൃഗശാലകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകൾ നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ അവയുടെ ആവാസവ്യവസ്ഥയ്ക്ക് അനുയോജ്യമായ തുറന്ന പരിബന്ധനത്തിൽ പാർപ്പിക്കുന്നതിനുള്ള സ്ഥലമില്ലാത്തതിനാൽ, പുതിയ മൃഗശാല സ്ഥാപിക്കുന്നതിനുള്ള സ്ഥലം പുത്തൂരിൽ കണ്ടെത്തി. തുടർന്ന് മൃഗശാല സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വനം വകുപ്പ് സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം മൃഗശാല അതിന്റെ രൂപകല്പനയിലും നടത്തിപ്പിലും വൃത്തിയിലും ഇന്ത്യയിലെ മറ്റേതൊരു മൃഗശാലയോടും കിടപിടിക്കുന്നതാണ്. |
| (സി) | മൃഗശാലകളുടെ പുനരുദ്ധാരണത്തിനു വേണ്ടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (സി) | തിരുവനന്തപുരം മൃഗശാലയുടെ അടുത്ത ഇരുപത് വർഷത്തെ വളർച്ച മുന്നിൽ കണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാലാ അതോറിറ്റിക്ക് സമർപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് മാറ്റുന്നത് കാരണം അവിടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതില്ല. മൃഗങ്ങളെ അവയുടെ ആവാസവ്യവസ്ഥക്ക് അനുയോജ്യമായ രീതിയിൽ പ്രദർശിപ്പിക്കൽ, രോഗപരിചരണം എന്നിവ തിരുവനന്തപുരം മൃഗശാലയുടെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Saradadevi

സെക്ഷൻ ഓഫീസർ